പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4446 17.05.2017 -ൽ മറുപടിക്ക്.

## സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ വിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീ.എൽദോ എബ്രഹാം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം എത്ര ശതമാനമാണ് വെട്ടിക്കുറച്ചത് ; | (എ) കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ തുടർച്ചയായ കുറവ് വരുന്നുണ്ട്. 2017-18 ആദ്യ പാദത്തിൽ ലഭ്യമായ 15456 കിലോ ലിറ്റർ മണ്ണെണ്ണ 2016-17 ആദ്യ പാദത്തിൽ ലഭ്യമായ 27960 കിലോ ലിറ്റർ മണ്ണെണ്ണയേക്കാൾ 44 % കുറവ് വരുത്തിയാണ് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം വെട്ടിക്കുറക്കുന്നതിന് കേന്ദ്ര സർക്കാർ നല്കുന്ന ന്യായീകരണങ്ങൾ വ്യക്തമാക്കുമോ ;<br>(സി) മത്സ്യബന്ധന മേഖലക്ക് മണ്ണെണ്ണ സബ്സിഡി നിരക്കിൽ നല്കേണ്ടതില്ലെന്നാണോ കേന്ദ്രനയം എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ബി) & (സി) പി.ഡി.എസ് മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കാനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്രം കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പാചക വാതക കണക്ഷനുകളിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലുണ്ടായ ആനുപാതിക വർദ്ധനവും മണ്ണെണ്ണ വിഹിതം കുറയ്ക്കുവാൻ കാരണമായിട്ടുണ്ട്. മാത്രമല്ല പി.ഡി.എസ് മണ്ണെണ്ണ മത്സ്യബന്ധനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കേന്ദ്രം അംഗീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ